**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5240** **02-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യ്ക്ക് കൂടുതൽ വരുമാനം ഉണ്ടാക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കണ്ടം ചെയ്യാവുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ, കെ.എസ്.ആർ.ടി.സി. വക ഡിപ്പോകളുടെ കൈവശമുള്ള വസ്തുവകകൾ എന്നിവ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.യ്ക്ക് കൂടുതൽ വരുമാനം ഉണ്ടാക്കാനും നഷ്ടം നികത്തുവാനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ വാണിജ്യ പ്രാധാന്യമുള്ള തിരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചു വരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു കഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, ഹരിപ്പാട്, പത്തനംതിട്ട, മലപ്പുറം, എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്നാർ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും, കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽ നിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും കെ.എസ്.ആർ.ടി.സി.യുടെ സജീവ പരിഗണനയിൽ ഉണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് വരുന്ന മറ്റ് നടപടികളുടെ വിശദാംശങ്ങൾ |

| | | | |
|---|---|---|---|
| | | | ചുവടെ ചേർക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പ് ഓൺ വീൽസ് എന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യുടെ കൈവശം ഉള്ള വസ്തു വകകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ദീർഘകാല പാട്ടക്കരാർ വ്യവസ്ഥയിൽ നൽകാൻ പദ്ധതികൾ ആവിഷ്കരിച്ച് വരികയാണ്. കണ്ടം ചെയ്തിരിക്കുന്ന ബസുകളിൽ ഒന്നിൽ മോഡിഫിക്കേഷൻ നടത്തി നിലവിൽ എറണാകുളം ബോട്ട് ജെട്ടിയിൽ പൊതുജനങ്ങൾക്ക് ഓയിൽ, ഗ്രീസ് തുടങ്ങിയവ വിൽക്കുന്നതിനായി 'ലൂബ് ഷോപ്പ്' ആയി പ്രവർത്തിച്ചു വരുകയാണ്. അടുത്ത ഘട്ടത്തിൽ ഒരു ബസിന്റെ മോഡിക്കേഷൻ പണികൾ അന്തിമ ഘട്ടത്തിലാണ്. ഇതിൽ നിന്നും ഡീലർ കമ്മീഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് അധിക വരുമാനം ലഭിയ്ക്കുന്നതാണ്. |
| (ബി) | മിൽമ ബസ് ഓൺ വീൽസ്, പെട്രോൾ പമ്പുകൾ, ഡിപ്പോയിലെ ഉപയോഗശൂന്യമായ കെട്ടിട ഭാഗങ്ങളിലും വസ്തുവകകളിലും വ്യവസായങ്ങൾ എന്നിവ നടത്തി വരുമാന വർദ്ധനവുണ്ടാക്കുവാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി |

| | | | |
|---|---|---|---|
| | | | യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി.യും ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ കൈവശം ഉള്ള വസ്തു വകകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ദീർഘകാല പാട്ടക്കരാർ വ്യവസ്ഥയിൽ നൽകാൻ പദ്ധതികൾ ആവിഷ്കരിച്ച് വരികയാണ്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള 75 പമ്പുകൾ പൊതുമേഖല എണ്ണ കമ്പനികളുമായി ചേർന്ന് പൊതുജനങ്ങൾക്കുകൂടി തുറന്ന് കൊടുക്കുമ്പോൾ വിൽപന നടത്തി കിട്ടുന്ന കമ്മീഷൻ (ഡീലർഷിപ്പ് വകയിൽ) കെ.എസ്.ആർ.ടി.സി.യുടെ പുതിയ ടിക്കറ്റേതര വരുമാനമാണ്. ഡിപ്പോയിലെ ഉപയോഗശൂന്യമായ കെട്ടിട ഭാഗങ്ങൾ ഉപയോഗിച്ച് വ്യവസായങ്ങൾ നടത്തി വരുമാന വർദ്ധനവുണ്ടാക്കുവാൻ കൊമേഴ്സ്യൽ വിഭാഗത്തിനെ കെ.എസ്.ആർ.ടി.സി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ